# എന്നിട്ടും നീ വന്നില്ല!

ഇ. കേശവപ്പണിക്കർ II B. Sc.

ഹാ! സൌന്ദര്യമേ!

നിന്നെത്തേടി ഞാൻ പോകാത്തിടമില്ല!

നീ ഒളിച്ചിരിയ്ക്കുയാണൊ?

ഞങ്ങളെ! മനുഷ്യരെ! നീ കബളിപ്പിച്ചിരിയ്ക്കുയാണൊ?

എല്ലാററിലും നീയുണ്ടെന്ന്,

ഞങ്ങൾ വിശ്വസിച്ചു!

അനന്തതയുടെ മാറിടത്തിൽ!

ഒളിച്ചിരിയ്ക്കുയാണ് നീ!

എവിടെയെല്ലാം ഞാൻ തിരഞ്ഞു!

ആദ്യമായി......

അതാ സുഗന്ധവാഹകനായ ഇളംസമീരനിൽ സ്വയം മറന്ന്,

ആടിപ്പാടി ഉല്ലസിച്ചു കളിയ്ക്കുന്ന സസ്യലതാളികൾ!!

അവയിൽ നീ ഇരുപ്പുണ്ടോ?

മന്ദമാരുതന്റെ ഗാനത്തിനൊത്തുകൊണ്ട്!

അതാ! നൃത്തംചെയ്യുന്ന ദേവകന്യകൾ! കുസുമങ്ങൾ!!

അവയിലാണോ നിന്റെ ഇരിപ്പിടം!!!

എല്ലാം മറന്നുകൊണ്ട്! പ്രകൃതിയുടെ നിശ്ശബ്ദമായ ഗാനധോരണിയിൽ, സ്വയം ലയിച്ചുകൊണ്ട്! താളംപിടിച്ചൊഴുകി പോകുന്ന കൊച്ചരുവികൾ!!! അവയുടെ പുഞ്ചിരികളിൽ നീ ഒളിച്ചിരിക്കയാണൊ?

അതാ, വിശാലമായ, നിർമ്മലമായ, സ്വച്ഛമായ

ഒരു തടാകം! അതിന്നു നടുവിലതാ ഒരു നളിനം!

രാജ്ഞികണക്കേ ശോഭിയ്ക്കുന്നു!! അരയന്നങ്ങൾ!

നിർമ്മലതയുടെ പ്രതീകങ്ങൾ!! അവയെല്ലാം നിന്റെ ഗാനങ്ങളാലാപിയ്ക്കുന്നു!!

ഒരു പടി ഞാൻ ഉയന്നു നോക്കട്ടെ!

പാലൊളിപ്പുഞ്ചിരി പൊഴിച്ചുകൊണ്ടു നില്ക്കുന്ന ചന്ദ്രനതാ!!

അവിടെയാണോ നീ?......

ലോകത്തെ നോക്കി ഇമകൾ പൂട്ടിയും തുറന്നും!

അതാ, താരഗണങ്ങൾ പുഞ്ചിരികൊണ്ടു നില്ക്കുന്നു!!

അവയ്ക്കു പിന്നിലൊ നിന്റെ വാസസ്ഥലം?!

നീലാകാശത്തിൽ ലോകേശനതാ ചായമിട്ടു മിനുക്കുന്നു!

വിവിധവർണ്ണങ്ങൾ! എന്തൊരാകർഷകത്വം!!

അവിടെയാണോ നിന്റെ വാസസ്ഥലം?

ഒരു പടികൂടി ഞാൻ കയറിനോക്കട്ടെ!

അതാ മിന്നിത്തിളങ്ങുന്ന ഒരു രജതരേഖ! ലോകം മുഴുവൻ ബന്ധിയ്ക്കുന്ന ഒരു സുവർണ്ണശൃംഖല! സ്നേഹം!!! പരിശുദ്ധമായ സ്നേഹം!! അതിന്നു പിന്നിലാണോ നിന്റെ വാസസ്ഥലം?

സത്യത്തിന്റെ ഗാനധോരണിയതാ കേൾക്കുന്നു!! അവിടെ നീയുണ്ടോ? സ്നേഹവും സത്യവും നിന്നെ പ്രകീർത്തിച്ചു ഗാനാലാപനം ചെയ്യുന്നു!!!

ഒരു പടികൂടി ഞാൻ ഉയന്നുനില്ക്കട്ടെ! എല്ലാം അവ്യക്തമാണ്!! സങ്കല്പമേഖലയ്ക്കപ്പുറമതാ മലാഖമാരുടെ നർത്തനശബ്ദം ഉയന്നുകേൾക്കുന്നു!! അതു സ്വർഗ്ഗരാജ്യമാണ്......!! മാലാഖമാർക്കു നടുവിലതാ രത്നഖചിതമായ ഒരു സിംഹാസനം! എന്താണതിന്നുചുററം ഒരു പ്രഭാപൂരം!!

ഒരു ദിവ്യജ്യോതിസ്സ്!! ആനന്ദസന്ദായകമായ, പ്രഭാപൂരം!! ഞാൻ നിന്നെ കണ്ടുപിടിച്ചുകഴിഞ്ഞു!!! അവിടെയാണ് നിന്റെ ഇരിപ്പിടം!! അതെ, നീയാ, ദിവ്യജ്യോതിസ്സിന്നടിമയാണ്!! നിനക്കു സ്വാതന്ത്ര്യമില്ലേ?

ഞങ്ങളുടെ അടുക്കൽവരാൻ!

നിനക്കു സ്വൈരം വിഹരിയ്ക്കുവാൻ!!

നിനക്കു സ്വാതന്ത്ര്യമുണ്ട്!!

നീ സ്വതന്ത്രയാണ്!!

എന്നിട്ടും നീ വരുന്നില്ല!!

നിനക്കവിടെയാണിഷ്ടം!!

വരൂ!! ഞങ്ങൾ നിന്നെ കാത്തുനില്ക്കുന്നു!! പ്രതീക്ഷകൾ നിറഞ്ഞ ഹൃദയവുമായി!!! ഞങ്ങൾ നിന്റെ ആസ്വാദകരാണ്! ദൂരത്തുനിന്നുകൊണ്ടു നീ ഞങ്ങളെ വീക്ഷിയ്ക്കുന്നു! ഞങ്ങളെ നീ വിസ്മയിപ്പിയ്ക്കുന്നു!! ഞങ്ങൾ നിന്നിൽ ആകൃഷ്ടരാണ്!! നീ അടുത്തു വരുന്നില്ല!!

കാട്ടിലും മേട്ടിലും പൂവ്വിലും ലതയിലും കാട്ടാറിലും ഞാൻ നിന്നെ പരതി! ആകാശത്തിലും, ഭൂമിയിലും നിന്നെ ഞാൻ പരതി!! ഇന്നു നിന്നെ കണ്ടു!!

നീ സ്വതന്ത്രയാണ്!!

നീ ആ പ്രഭാപൂരത്തെ ആശ്രയിച്ചു നില്ക്കുന്നു!!

ഞങ്ങൾ നിന്നെ പ്രതീക്ഷിച്ചു നില്ക്കുന്നു!!

നീ സ്വതന്ത്രയാണ്!!

എന്നിട്ടും നീ വരുന്നില്ല!!!


# എന്റെ ഗ്രാമം

ബാലകൃഷ്ണൻ, ഏ. കെ. B. Sc. II

പൊന്നിൻചിങ്ങക്കതിരുകൾ നീളെ
മന്ദം നൃത്തം വെയ്ക്കുമ്പോൾ,
നാടിൻകരളുകളാമോദത്തി-
ന്നൂഞ്ഞാലാടിരസിക്കുമ്പോൾ,
പൊന്നോണത്തിൻ പൂവിളിനാട്ടിൽ
കുന്നുകൾതോറുമലയ്ക്കുമ്പോൾ,
കരളിൽ കുളിരും, പൂക്കൊട്ടകളിൽ
സുരഭിലസുന്ദരസുമരാജിയുമായ്,
പാടിപ്പാടിനടപ്പൂനാട്ടി-
ന്നാമോദത്തിൻ സന്തതികൾ.
ഭാവിനയിക്കും കുഞ്ഞിക്കൈകൾ-
മോദംനിറയും ശലഭങ്ങൾ.
കാറുതെളിഞ്ഞു ചിങ്ങനിലാവിൻ
വാരൊളിചുററും വിതറുമ്പോൾ
ആനന്ദത്തി,ന്നാവേശത്തിൻ
മണിയൊലിയെങ്ങും കേൾപ്പൂഞാൻ.
നെററിയിലുതിരും സ്വേദകണങ്ങൾ
മുത്തണിയാക്കും കൃഷകന്മാർ,
പുതിയൊരുപുഞ്ചിരിതൂകും വർഷം
ഹൃദയതലത്തിൽ പൂജിപ്പോർ,
പാരംപണിതൊരു പാടങ്ങളിലീ-
ഭൂരിസമൃദ്ധികൾ കൊയ്യുമ്പോൾ
ഗ്രാമശ്രീയുടെ കോവിലുകളിലുരു-
മോദം, നർത്തന,മഭിരാമം!

* * * *

എങ്കിലുമുണ്ടൊരു വേദന,ഗ്രാമം
പങ്കിലമാകാനെത്തുന്നു.
നാളുകൾ നീങ്ങീ കർക്കിടകത്തിൽ
കോളുകൾ ഭീഷണിപെയ്യുമ്പോൾ
കാളും, വയറുകൾ കരളുംപഞ്ഞം
നീളെനടപ്പൂയമനെപ്പോൽ.
എങ്കിലുമോർപ്പൂ ഞാനെൻ ബാല്യം
സുന്ദരമാമെൻ ഗ്രാമത്തിൽ
മുല്ലപ്പൂവുകൾ മാടിവിളിക്കും
പൊന്നോമൽപ്പുതു പുലരികളിൽ
ആടിപ്പാടിനടക്കാം നീളെ-
യാനന്ദത്തിന്നമൃതവുമായ്.
ആവിലമല്ലാ ഗ്രാമശ്രീത-
ന്നോമനമുഖമതുകമനീയം!
മാടിവിളിയ്ക്കും തെങ്ങിൻതോപ്പുകൾ
ക്ഷേമസമൃദ്ധികൾ കാണിപ്പൂ!
ശാന്തതതൻ പൊൽത്തിരികൾനീളെ
കാന്തിയണച്ചുലസിക്കുന്നു.
അതുലാനന്ദം നിറയും ഗ്രാമമി-
തഭിരാമതയുടെ തൃക്കോവിൽ!



# *എന്റെ കലാലയം

പി. എ. അബ്ദുറഹിമാൻ, III B. Sc.

കലതൻ വെണ്മയെഴുന്ന വിപഞ്ചിയി-
ലൊരു മൃദുഗാന ശ്രുതിമീട്ടി,
മഹിത മതാകിന കൈകളിലറിവിൻ
മട്ടമലർ മാല്യവുമായെത്തി,
അരിയൊരു മാനവസംസ്കാരത്തിൻ
തിരികൾ തെളിച്ച കലാലയമേ,
കലയുടെ പൂത്തിരിയാകിന നിന്നിൽ
കവിതകൾ കാണ്മൂ ഞാനെന്നും!
ഇരുളുനിറഞ്ഞൊരു കാനനമതിനുടെ
കരളിൽ വെട്ടം പകരാനായ്
ഇവിടെയണഞ്ഞൂ മാനുഷരവരുടെ
കരളിൽ വിരിഞ്ഞ പ്രതീക്ഷയുമായ്
ഉയരുകയായി കലാലയ മിരുളിൻ
കയമതിലറിവിൻ പ്രഭവീശി.
(കാടുകൾവെട്ടിക്കോട്ട ചമച്ചൊരു
മാനവയജ്ഞം വെൽകാവൂ.)
എത്തി ഞങ്ങൾ മാനുഷരിപ്പുതു-
വെട്ടം നുകരാൻ കൊതിയോടെ
കുളിരലയാർന്നു കരങ്ങളുയർത്തി,-
ച്ചിരികൾ പൊഴിക്കും ചോലകളേ,
പറയുക പാടിനടക്കുവിനിപ്പുതു-
പ്രഭതൻ പുതുമകളുടനീളം.

* കോളേജ് ദിനത്തോടനുബന്ധിച്ചു നടത്തിയ കവിതാമത്സരത്തിൽ ഒന്നാംസമ്മാനാർഹമായത്.

# വേദനയുടെ ഗാനം

ജയരാജ്, U. P. C.

നീലക്കരിമ്പടം ചുററിയ പവ്വത-
ഫാലത്തിൽ കുങ്കുമം ചാത്തി,
സപ്തവണ്ണങ്ങളീ വാനിൽത്തെളിച്ചവൻ
സുപ്തലോകത്തെ ദശിക്കെ;
പുൽക്കൊടിത്തുമ്പിലായ് മുത്തുകളൊട്ടിട
ചുററിത്തിളങ്ങുമീ നേരം.........
പാടട്ടെയീമരക്കൊമ്പിലിരുന്നു ഞാൻ
പാടട്ടെയിശ്ശോകഗാനം

*  *  *

ദൂരെയാവാരിധിക്കപ്പുറം ചോലക-
ളാരവമേററുന്ന നാട്ടിൽ
പാടലപ്പട്ടണിപ്പാവാട ചുററിടും
പാടങ്ങളാടുന്ന നാട്ടിൽ
പാറിക്കളിച്ചു ഞാൻ സദ്രസം, വാനിലെൻ
പാട്ടിൻെറ മാധുരി ചേർന്നു........

*  *  *

മത്തത ഹൃത്തടം മുററിയനാളുകളി-
ലിത്തിരി ഗവ്വം നടിച്ചു........,
പാറിക്കടന്നു ഞാനിക്കടലെത്തിയി-
ക്രൂരത മുററുന്ന നാട്ടിൽ
അത്ഭുതം തത്തിയെൻ കൺകൾക്കുമുന്നിലാ-
യുത്ഭവിച്ചൊട്ടു ദൃശ്യങ്ങൾ
ഇക്കടൽ താണ്ടുവാൻ, വിങ്ങുമെൻ കാനനം
പുൽകാനശക്തനായ്ത്തീർന്നു........

*  *  *

പുഷ്പമഞ്ചത്തിൽ ശയിച്ചൊരാമാരുത-
നുഷ്മളശ്വാസമുതിക്കെ
പാടട്ടെ,യീമരക്കൊമ്പിലിരുന്നുഞാൻ
പാടട്ടെ,യിശ്ശോകഗാനം........
വേദനേ. തൻതല പൊക്കുന്നനേരമീ-
ചേതനയെല്ലാം നശിക്കും
ഏകനായീ മരക്കൊമ്പിലിരിക്കും ഞാൻ
മൂകത മുററുമെൻ ചുററും........

# യാത്രാമൊഴി

എൻ. സോമസുന്ദരൻ, B com III

(വൃത്തം: മാരകാകളി)

നഷ്ടമായ് കഷ്ട,മിക്കാലമെന്നാകിലു-
മിഷ്ടമാണോ നിനക്കെന്നെ?
യാത്രോക്തിയോതുമീയന്ത്യയാമത്തിലീ
യാത്രികനോടു നീ ചൊല്ലൂ.

ആററിലെ പത്മത്തിന്നാറമിയററിയ
കാററിലെ ചേതനയൂററീ
ഈററില്ലമാകിയ പുററിൽനിന്നേറിയ
പാററയിൽ കൌതുകം വാററീ
ഒററയ്ക്കു ഞാനൊരു മാറററലാവണ്യം
മുററിയ മാളികയേറീ.
എത്താത്ത ദൂരത്തിലാണുനീയെങ്കിലു-
മുത്തമേ നിന്നെയുമേററീ.

നീയറിയാതെയെൻ സങ്കല്പലോകത്തിൽ
നീയുമൊത്തന്നു ഞാൻ വാണു.
എങ്കിലുമേതോ വിഷാദഭാവത്തോടെ
കിങ്കിലമുറംക്കൊണ്ടു കേണു.
പാടിയുയരുവാൻ നേട്ടമാവേശത്തിൽ
ആടിത്താ,നാടി ഞാൻ വീണു
കാഴ്ചയെത്തീടുവാൻ വയ്യാത്തജീവിത
ത്താഴ്ചയിലങ്ങിനെ താണു ........

അവ്യക്തമാം വികാരങ്ങൾ പകരുവാ-
നിവ്യർത്ഥമാം ശ്രമം മാത്രം;
ദുർബ്ബലമാകിലും ചിത്തത്തിലാകെയും
മർത്ത്യതയൊത്തൊരു ഗാത്രം,
സങ്കോചശീലമുണ്ടെങ്കിലു, മുണ്ടൊരു
സങ്കല്പചേതനാ പാത്രം;
ഞാനതിൽവെച്ചു പൂജിച്ചിതെക്കാലവും
മാനവമോഹാൽ നിൻചിത്രം.

ആയിരമാശകൾ പേറിയേകാന്തമായ്
ആയിരം സ്വപ്നങ്ങൾ നെയ്തു;
മാരിവില്ലീലോകമാകെയരക്ഷണം
വാരുററ സൌഭഗം പെയ്തു;
പോയ്മറഞ്ഞാകിലും, നിസ്സീമമായൊരു
കല്പനാ കൌതുകം കൊയ്തു;
ആലസ്യഭാവവും പൂണ്ടുകൊണ്ടങ്ങിനെ
ലാലസം നിദ്രയും ചെയ്തു.........

അന്തിയിൽമുന്തിയ സ്വപ്നമായ്നീയെൻെറ
ചിന്തയിൽ തങ്ങിയിരുന്നു;
ഊണത്തിൽ നീയറിയാതെ, നീയെന്നുമെൻ
വീണയിൽ മീട്ടിയിരുന്നു.

ഞാൻ നിനക്കെൻചിത്രശൂന്യമാം മാനസ-
മെന്നും തുറന്നുതന്നീല.........
ഞാൻ നിന്നെയെൻ പാകമാകാത്തഭാവനാ-
യാനത്തിലെന്നുമേററീല.........
എൻകളിവാക്കിലെ സാരസ്യമുറംക്കൊണ്ടു-
നിൻകരൾ പുഞ്ചിരിച്ചീല.........
എൻതാന്തഹൃത്തിലെയന്തമില്ലാത്തൊരീ
ചിന്തകൾ നീയറിഞ്ഞീല.........

എന്നാലുമോർക്കുക നിന്നെയെൻമാനസ-
മെന്നാളുമാശിച്ചിരുന്നു;
നിന്നോടൊരക്ഷരമോതാതെക്കാലവും
നിന്നെ ഞാനർച്ചിച്ചിരുന്നു.

മൂകനായ്നിന്നു ഞാനെൻമനമാകെയൊ-
രാകുലഭാവം വിതുമ്പീ,
മാറോടുചേർത്തൊരു മാദകമുത്തംകൈ-
മാറുവാൻ മാനസംവെമ്പീ;
എന്നാലിന്നിത്ത്യവാസ്തവത്തിങ്കൽ ഞാ-
നെന്നുടെ കണ്ണുകൾചിമ്മീ,
ഏതൽപ്പരാജയബോധത്തിലെപ്പൊഴും
വേദനയാന്നു ഞാൻ വിമ്മീ.

കല്ലോലമാലയിൽ തല്ലിയകാററിലാ-
മല്ലികനിന്നു കുണുങ്ങീ;
പാവനസൌവർണ്ണരശ്മികളെങ്ങുമേ
പാവിയ ശക്തിയിന്നങ്ങീ,
അന്തിമസൂര്യനിൽ ചന്തംവരുത്തിയ
സന്ധ്യയും നിന്നുമയങ്ങീ;
ഭൂതലമാകെയൊരജ്ഞാതമാമനു-
ഭൂതികൾ തിങ്ങിവിളങ്ങീ.........

എങ്കിലും പോകുവാൻ കല്പിച്ചുജീവിതം
സങ്കടമിന്നിനി വ്യർത്ഥം;
യാത്രോക്തിയോതുമീയന്ത്യയാമത്തിലീ
യാത്രികനോതുന്നിതിത്ഥം:

വിമ്മിഷ്ടമുണ്ടെനിക്കോമലേ പോകുവാ-
നിമ്മട്ടുവേർപെട്ടു നിന്നെ!
നഷ്ടമായ്കഷ്ട,മിക്കാലമെന്നാകിലു-
മിഷ്ടമാണോ നിനക്കെന്നെ?